# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 164 — 03.10.2011 ൽ മറുപടിക്ക്

## പൊതു വിപണിയിൽ നിന്നുള്ള വായ്പ

**ചോദ്യം**

ഡോ. റ്റി.എം. തോമസ് ഐസക്
ശ്രീ. എ.കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ.കെ. ജയചന്ദ്രൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ.) | സർക്കാർ പൊതു വിപണിയിൽ നിന്ന് വായ്പ എടുക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഈ വർഷം എന്തു തുകയാണ് വായ്പയായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | പൊതുവിപണിയിൽ നിന്നും വായ്പയെടുക്കാവുന്ന മൊത്തം തുക 8150 കോടി രൂപയായിട്ടാണ് 2011-12 സാമ്പത്തിക വർഷത്തിൽ തിട്ടപ്പെടുത്തിയിരിക്കുന്നത്. |
| (ബി.) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം വായ്പയായി എടുത്ത തുക എത്രയാണ് ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം രണ്ടുതവണയായി പൊതുവിപണിയിൽ നിന്നും 2000 കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട്. കൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്ക് പ്രകാരം ആഭ്യന്തര കടമായി 52.16 കോടി രൂപയും, സെൻട്രൽ ലോണായി ആകെ 107.74 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (സി) | ട്രഷറിയിലെ നിക്ഷേപം വഴി മൊത്തം എന്തു തുക സമാഹരിച്ചിട്ടുണ്ട് ; ഈ വർഷത്തെ ട്രഷറി നിക്ഷേപ ലക്ഷ്യം വിശദമാക്കുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്ക് പ്രകാരം 31.08.2011 വരെ തനിക്കണക്കിൽ 160.14 കോടി രൂപ ട്രഷറി നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. 2011-12 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 1050 കോടി (തനി) രൂപയാണ് നിക്ഷേപ ലക്ഷ്യം. |
| (ഡി) | ഏതെല്ലാം പദ്ധതികൾക്ക് ഏതെല്ലാം ഏജൻസികളിൽ നിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | 2011-12 ലെ സംസ്ഥാന പദ്ധതി അടങ്കലിലെ വിവിധ സ്കീമുകൾക്കായി പൊതുവിപണിയിൽ നിന്നുള്ള കടമെടുക്കൽ, ദേശീയ ലഘുസമ്പാദ്യ ഫണ്ടിലേയ്ക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, എൽ.ഐ.സി., ജി.ഐ.സി. എന്നിവയിൽ നിന്നുള്ള വായ്പകൾ മുതലായവ ആഭ്യന്തര കടമെടുക്കൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നബാർഡിൽ നിന്നുള്ള ഗ്രാമീണ അടിസ്ഥാന വികസന പദ്ധതികൾക്കുള്ള ഫണ്ട് (ആർ.ഐ.ഡി.എഫ്.) ൽ നിന്നുള്ള വായ്പകളും ഈ വിഭാഗത്തിൽപ്പെടുന്നതാണ്. കൂടാതെ വിദേശ സഹായ പദ്ധതികൾക്കായി ലോക ബാങ്ക്, ജിക്ക (JICA), എ.ഡി.ബി. എന്നീ വിദേശ സഹായ ഏജൻസികളിൽ നിന്നുള്ള വായ്പകളും 2011-12 ലെ വാർഷിക പദ്ധതിക്കായുള്ള സ്കീം ഓഫ് ഫൈനാൻസിംഗ് പ്രകാരം അനുവദനീയമാണ്. |
| (ഇ) | ലോകബാങ്കിൽ നിന്നുള്ള വായ്പ ഏതെല്ലാം പദ്ധതികൾക്കാണെന്ന് വിശദമാക്കുമോ ? | കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (KSTP), നാഷണൽ ഹൈഡ്രോളജി പ്രോജക്ട്, ജലനിധി, കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.എസ്.ജി.ഡി..), ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (DRIP) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾ എന്നീ പദ്ധതികൾക്കായി ലോകബാങ്ക് വായ്പ വിനിയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ